"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് - എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ തലക്കോട് ജുമാ മസ്ജിദിനു വേണ്ടി വോൾട്ട് ടൈപ്പ് സെമിത്തേരി നിർമ്മിക്കുന്നതിന് അനുമതി നൽകിയതിനെതിരെ ശ്രീ.മാത്യൂ.പി.ജെ ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത W.P(C) No.34348/2014 നമ്പർ കേസിന്മേലുള്ള 05.02.2024 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Rt)No.957/2025/LSGD തീയതി,തിരുവനന്തപുരം, 12-04-2025

---

പരാമർശം:-

1. ശ്രീ അബൂബക്കർ ടി.എ ശ്മശാന നിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിന് 2004-ൽ ഉചിതമാർഗ്ഗേന സമർപ്പിച്ച അപേക്ഷ
2. എറണാകുളം ജില്ലാ കളക്ടറുടെ 24/03/2006 ലെ D.Dis 59732/04-MS നമ്പർ നടപടിക്രമം.
3. ശ്രീ അബൂബക്കർ ടി.എ 31/08/2006, 11/07/2007 എന്നീ തീയതി പ്രകാരം ഉചിത മാർഗ്ഗേന സമർപ്പിച്ച അപേക്ഷ
4. എറണാകുളം ജില്ലാ കളക്ടറുടെ 16/05/2008 ലെ D.Dis-27585/07-M5 നടപടിക്രമം.
5. ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ പി.സി മത്തായി ഫയൽ ചെയ്ത WP(C)No.23429/2009 കേസിന്മേലുള്ള 30/09/2009 ലെ ബഹു. ഹൈക്കോടതി വിധിന്യായം.
6. 27/03/2010 ലെ GO(Rt)No.1093/10/LSGD സർക്കാർ ഉത്തരവ്.
7. ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ പി.സി മത്തായി ഫയൽ ചെയ്ത WP(C)No.13315/2010 കേസിന്മേലുള്ള 16/10/2014 ലെ ബഹു. ഹൈക്കോടതി വിധിന്യായം.
8. 03/12/2014 ലെ G.O(Rt)No.3189/2014/LSGD സർക്കാർ ഉത്തരവ്.
9. ശ്രീ.മാത്യൂ.പി.ജെ സർക്കാരിൽ സമർപ്പിച്ച 16.12.2014 ലെ അപ്പീൽ അപേക്ഷ.
10. കവളങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.04.2023 ലെ കെ4/5485/2014 നമ്പർ കത്ത്.

11. ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ പി.സി മത്തായി ഫയൽ ചെയ്ത WP(C)No.34348/2014 കേസിന്മേലുള്ള 05/02/2024 ലെ ബഹു. ഹൈക്കോടതി വിധിന്യായം.

12. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ 24.04.2024 ലെ D2-18428/2024 നമ്പർ കത്ത്.

13. എറണാകുളം ജില്ലാ കളക്ടറുടെ 06.06.2024 ലെ DCEKM/3376/2024-M5 നമ്പർ കത്ത്.

14. എറണാകുളം ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)-ന്റെ 20.07.2024 ലെ DMOH-EKM/1788/2024-C2 നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്ക് നേര്യമംഗലം വില്ലേജിൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ സർവ്വേ നമ്പർ 744/1 പെട്ട 3 സെന്റ് വസ്തുവിൽ തലക്കോട് ജുമാ മസ്ജിദിനു വേണ്ടി വോൾട്ട് ടൈപ്പ് സെമിത്തേരി നിർമ്മിക്കുന്നതിന് അനുമതിയ്ക്കായി പരാമർശം (1) പ്രകാരം ശ്രീ അബൂബക്കർ ടി.എ 2004 ൽ അപേക്ഷ കവളങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കുകയും കോതമംഗലം തഹസിൽദാറിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർദിഷ്ട വസ്തുവിനോട് ചേർന്ന് 23-24 - മീറ്റർ ചുറ്റളവിനുള്ളിൽ വീടും കടകളും കുടിവെള്ള സ്രോതസും (കിണർ 28 മീറ്റർ അകലെ) ഉള്ളതായി കണ്ടെത്തിയതിനാൽ കേരള പഞ്ചായത്ത് രാജ് (burial & burning ground) 1998, ചട്ടം 5(1) പ്രകാരം ടി അപേക്ഷ ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം നിരസിച്ച ഉത്തരവായിരുന്നു.

2) ശ്രീ അബൂബക്കർ ടി.എ സെമിത്തേരി നിർമ്മിക്കുന്നതിനായി 31.08.2006 തീയതി പ്രകാരം വീണ്ടും സമർപ്പിച്ച അപേക്ഷയിൽ പൊരുത്തക്കേടുണ്ടെന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 11.07.2007 ൽ വീണ്ടും അപേക്ഷ സമർപ്പിക്കുകയും, പ്രസ്തുത അപേക്ഷ പരിശോധിക്കുന്നതിന്റെ ഭാഗമായി 05.12.2007 ൽ ഇരു കൂട്ടരെയും ഹിയറിംഗ് നടത്തിയിട്ടുള്ളതും നിർദ്ദിഷ്ട വസ്തുവിനോട് ചേർന്ന് വീടും കടകളും കുടിവെള്ള സ്രോതസും ഉണ്ടെന്ന തഹസിൽദാർ റിപ്പോർട്ടിന്റെയും, വർഗീയ ലഹളയ്ക്ക് കാരണമാകുമെന്ന എറണാകുളം റൂറൽ സൂപ്രണ്ട് ഓഫ് പോലീസ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം നിരസിച്ച ഉത്തരവായിരുന്നു.

3) ഇതിനെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് (burial & burning ground) ചട്ടം 6(10) പ്രകാരം തലക്കോട് സെൻട്രൽ ജുമാ മസ്ജിദിനെ പ്രതിനിധീകരിച്ച് സെക്രട്ടറിയായ ശ്രീ അബൂബക്കർ ടി.എ സർക്കാരിൽ അപ്പീൽ പരാതി സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി 10/12/2008 -ൽ പരാതിക്കാരെ ജില്ലാ കളക്ടർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും, ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ അബൂബക്കർ ഫയൽ ചെയ്ത WP(C) 23429/2009 കേസിന്റെ പരാമർശം (5) വിധിന്യായത്തിന്റെയും അടിസ്ഥാനത്തിലും നിർദ്ദിഷ്ട ശ്മശാനത്തിന് വാസഗൃഹം, കിണർ എന്നിവയുമായി ചട്ടപ്രകാരമുള്ള ആകലം പാലിക്കുന്നതിനാലും, ആരോഗ്യപ്രശ്നങ്ങളില്ലായെന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ അന്വേഷണ

റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് വോൾട്ട് മാതൃകയിലുള്ള ശ്മശാനം നിർമ്മിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകുന്നതിന് പരാമർശം (6) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

4) കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ ശ്മശാനം നിർമ്മിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് ജില്ലാ കളക്ടർ സർക്കാർ അനുമതി നൽകിയതിനെതിരെ ശ്രീ പി.സി മത്തായി ബഹു. ഹൈക്കോടതി മുമ്പാകെ WP(C)No.13315/2010 കേസ് ഫയൽ ചെയ്യുകയും പരാമർശം (7) പ്രകാരമുള്ള ബഹു. ഹൈക്കോടതിയുടെ 16/10/2014 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 20.11.2014 ൽ പരാതിക്കാരനെയും, പ്രതിഭാഗത്തെയും ഉൾപ്പെടുത്തി ഹിയറിംഗ് നടത്തുകയും ചെയ്തു. ജില്ലാ കളക്ടറുടെയും, ജില്ലാ മെഡിക്കൽ ഓഫീസറുടെയും, റിപ്പോർട്ട് പരിഗണിച്ച് തലക്കോട് ജുമാ മസ്ജിദിനു വ്യവസ്ഥകളോടെ വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകാവുന്നതാണെന്ന് പരാമശം (8) പ്രകാരം വീണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. **തുടർന്ന് പരാമർശം (8) പ്രകാരമുള്ള ഉത്തരവിനെതിരെ ശ്രീ മാത്യു പി.ജെ ബഹു.ഹൈക്കോടതി മുമ്പാകെ WP(C) No.34348/2014 കേസ് ഫയൽ ചെയ്തു. ആയതിന്മേൽ ബഹു. ഹൈക്കോടതിയുടെ 05/02/2024 ലെ വിധിന്യായത്തിൽ പരാമർശം (8) പ്രകാരമുള്ള സർക്കാർ ഉത്തരവ് താൽക്കാലികമായി സ്റ്റേ ചെയ്യാനും**, പരാതിക്കാരനെയും പ്രതിഭാഗത്തെയും ഹിയറിംഗ് നടത്തിയ ശേഷം പുതിയ ഉത്തരവ് പുറപ്പെടുവിക്കുവാനും നിർദ്ദേശിച്ചു.

5) **ബഹു.ഹൈക്കോടതിയുടെ പരാമർശം (11) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ തലക്കോട് ജുമാ മസ്ജിദിനുവേണ്ടി വോൾട്ട് ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകാവുന്നതാണെന്ന പരാമർശം (8) ലെ ഉത്തരവ് സർക്കാർ സ്റ്റേ ചെയ്യുകയുണ്ടായി.** തുടർന്ന് ഡെപ്യൂട്ടി സെക്രട്ടറി ഹർജിക്കാരനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 18/04/2024 ൽ നേരിൽ കേട്ടു. പരാതിക്കാരനായ മാത്യു.പി.ജെ, നാലാംകക്ഷിയായ സെൻട്രൽ ജുമാ മത്ത് സെക്രട്ടറി, പഞ്ചായത്ത് സെക്രട്ടറി എന്നിവർ നേരിട്ട് ഹാജരായി. ജില്ലാ കളക്ടറുടെ പ്രതിനിധി ഓൺലൈൻ മുഖേന ഓൺലൈനായി ഹിയറിങ്ങിൽ പങ്കെടുത്തു. പരാതിക്കാരനായ ശ്രീ മാത്യു പി ജെ ജലമലിനീകരണവുമായി ബന്ധപ്പെട്ട് നേരത്തെ ഉന്നയിച്ച വിഷയങ്ങൾ വീണ്ടും ഉന്നയിച്ചു . കൂടാതെ വീടിനു തൊട്ടു മുൻപിലുള്ള സെമിത്തേരി ദിവസേന കാണേണ്ടി വരുമ്പോൾ തനിക്കും, കുടുബാംഗങ്ങൾക്കും മാനസികമായി വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുവെന്നും പരാതിക്കാരൻ അറിയിച്ചു. പ്രസ്തുത സെമിത്തേരിക്ക് ചുറ്റും 20 അടി ഉയരത്തിൽ ചുറ്റമതിൽ ഉണ്ടെന്നും പ്രസ്തുത മതവിഭാഗത്തിൽപ്പെട്ടവർ മരിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് അടക്കം ചെയ്യാൻ സൗകര്യമില്ലാത്തതിനാൽ 20 കിലോമീറ്റർ അകലെയായിട്ടാണ് ശവം മറവ് ചെയ്യുന്നതെന്നും ആയത് വിഷമങ്ങൾ ഉണ്ടാക്കുന്നതെന്നും നാലാം കക്ഷിയായ സെൻട്രൽ ജുമാ സെക്രട്ടറി ഹിയറിങ്ങിൽ അറിയിച്ചു. സെമിത്തേരി നിർമ്മിക്കുന്നതിന് ജില്ലാ കളക്ടറും, പഞ്ചായത്ത് സെക്രട്ടറിയും തടസ്സവാദങ്ങൾ ഒന്നുംതന്നെ ഉന്നയിച്ചില്ല. നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചട്ട പ്രകാരം ശ്മശാനം നിർമ്മിക്കുന്നതിന് പഞ്ചായത്തിന് വിരോധമില്ലെന്ന് പരാമർശം (10) പ്രകാരം കവളങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

6) എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പരാമർശം (12) ലെ റിപ്പോർട്ട് പ്രകാരം തലക്കോട് ജുമാ മസ്ജിദ് ഖബർസ്ഥാൻ പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഇല്ലാത്തതും, സൗകര്യപ്രദവുമായ മറ്റൊരു സ്ഥലത്തേക്ക് മാറ്റണമെന്നും, പഞ്ചായത്ത് ഏകപക്ഷീയമായാണ് NOC നൽകിയതെന്നും ആരോപിച്ചുകൊണ്ട് 19.12.2006 ൽ തലക്കോട് നിവാസികൾ ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും 21.12.2006 ൽ കമ്മറ്റി ചേരുകയും ചെയ്തിട്ടുള്ളതാണ്. വീണ്ടും തലക്കോട് ജുമാ മസ്ജിദിനോട് ചേർന്ന് കബർസ്ഥാൻ വരുന്നതിനോട് സ്ഥലവാസികൾക്കും അയൽവാസികൾക്കും ഇപ്പോഴും എതിർപ്പ് നിലനിൽക്കുന്നുണ്ടെന്നും, തലക്കോട് ജുമാ മസ്ജിദിനോട് ചേർന്ന് കബർസ്ഥാൻ വന്നാൽ വീണ്ടും തലക്കോട് നിവാസികൾ ആക്ഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് സാധ്യതയുള്ളതാണെന്നും, സ്ഥലത്ത് ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ഇരുകക്ഷികൾക്കും നോട്ടീസ് കൊടുക്കുന്നതും പോലീസ് നിതാന്ത ജാഗ്രത പുലർത്തി വരുന്നതുമാണെന്നും പരാമർശം(11) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

7) ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം (14) ലെ പരിശോധനാ റിപ്പോർട്ട് പ്രകാരം, തലക്കാട് മുള്ളരിങ്ങാട്ട് ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന തലക്കാട് ജുമാ മസ്ജിദ്-ന്റെ ഉടമസ്ഥതയിൽ ശ്രീ. അബുബേക്കർ സെക്രട്ടറി, സുബൈർ വി.കെ. പ്രസിഡന്റ്, സബിർ പണിക്കർ വൈസ് പ്രസിഡന്റ്, പരീദ് പുത്തൻകുളത്തിൽ ജോയിൻ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ വോൾട്ട് ടൈപ്പ് സെമിത്തേരി പ്രവർത്തിക്കുന്നുവെന്നും, കേരള പഞ്ചായത്ത് രാജ് (Burial & Burning Grounds) റൂൾസ് 1998 അനുസരിച്ച് വാൾട്ട് സെമിത്തേരിയുടെ 25 മീറ്റർ ചുറ്റളവിൽ കുടിവെള്ള സ്രോതസ്സും വാസഗൃഹങ്ങളും ഉണ്ടാകുവാൻ പാടുള്ളതല്ല എന്നാണ് നിഷ്കർഷിച്ചിരിക്കുന്നതെന്നും പ്രസ്തുത സെമിത്തേരിയുടെ 30 മീറ്റർ ചുറ്റളവിൽ വാസഗൃഹങ്ങളോ കുടിവെള്ള സ്രോതസ്സോ നിലവിലില്ലായെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

8) വാൾട്ട് ടൈപ്പ് സെമിത്തേരിയുടെ മുൻ പ്ലാനും അനുബന്ധ രേഖകളും പരിശോധിച്ചതിൽ മൂന്ന് (3) അറകൾക്കുള്ള അനുമതി അപേക്ഷയാണ് സമർപ്പിച്ചിരുന്നതെന്നതിനാൽ മൂന്ന് (3) അറകൾക്ക് അനുമതി നല്കിയിട്ടുള്ളതുമാണ്. എന്നാൽ നിലവിൽ 4 (നാല്) അറകൾ പ്രവർ ത്തിക്കുന്നുണ്ടെങ്കിലും നിയമാനുസൃതമായ ചുറ്റളവിൽ കുടിവെള്ള സ്രോതസ്സോ, വാസഗൃഹങ്ങളോ സ്ഥിതിചെയ്യുന്നില്ല എന്നതിനാൽ വോൾട്ട് ടൈപ്പ് സെമിത്തേരി പ്രവർത്തിക്കുന്നത് കൊണ്ട് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുവാൻ സാധ്യത വിരളമാണെന്നും എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം (13) പ്രകാരം റിപ്പോർട്ട് ചെയ്തു.

9) എറണാകുളം ജില്ലാ കളക്ടർ സമർപ്പിച്ച പരാമർശം (13) റിപ്പോർട്ട് പ്രകാരം തലക്കോട് ജുമാ മസ്ജിദിനോട് ചേർന്ന് ഖബർസ്ഥാൻ വരുന്നതിനോട് സ്ഥലവാസികൾക്കും, അയൽവാസികൾക്കും ഇപ്പോഴും എതിർപ്പ് നിലനിൽക്കുന്നതാണെന്നും, തലക്കോട് ജുമാ മസ്ജിദിനോട് ചേർന്ന് ഖബർസ്ഥാൻ വന്നാൽ വീണ്ടും പ്രവർത്തനം ആരംഭിച്ചാൽ തലക്കോട് നിവാസികൾ ആക്ഷൻ കൗൺസിൽ രൂപീകരിക്കുന്നതിനും സ്ഥലത്ത് ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുന്നതിനും സാധ്യതയുള്ളതാണെന്നും, പരാമർശം (10) പ്രകാരം എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി അറിയിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്ക് നേര്യമംഗലം വില്ലേജിൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ സർവ്വേ നമ്പർ 744/1 പെട്ട 3

സെന്റ് വസ്തുവിൽ തലക്കോട് ജുമാ മസ്ജിദിനു വേണ്ടി വോൾട്ട് ടൈപ്പ് സെമിത്തേരി പ്രവർത്തനം ആരംഭിച്ചാൽ പ്രസ്തുത സ്ഥലത്ത് ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുന്നതിന് സാധ്യതയുണ്ടെന്ന എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുമെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ട് കണക്കിലെടുത്ത് വോൾട്ട് ടൈപ്പ് സെമിത്തേരി പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി തുടരുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയും, ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ പി.സി മത്തായി ഫയൽ ചെയ്ത WP(C)No.34348/2014 കേസിന്മേലുള്ള 05/02/2024 ലെ ബഹു. ഹൈക്കോടതി വിധിന്യായം നടപ്പാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEENA N P
ADDITIONAL SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 16-04-2025 13:31:16
സെക്ഷൻ ഓഫീസർ

1) അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
2) ശ്രീ. മാത്യു പി.ജെ, പാറത്തുവയലിൽ ഹൗസ്, തലക്കോട് (P.O) നാരായണമംഗലം വില്ലേജ്, കോതമംഗലം. എറണാകുളം
3) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4) സെക്രട്ടറി, കവളങ്ങാട് ഗ്രാമപഞ്ചായത്ത്, എറണാകുളം ജി
5) ജില്ലാ പോലീസ് മേധാവി, എറണാകുളം റൂറൽ
6) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),എറണാകുളം
7) ജില്ലാ കളക്ടർ,എറണാകുളം
8) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
9) ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
10) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
11) കരുതൽ ഫയൽ (ഡി.ബി3/102/2024/എൽ.എസ്.ജി.ഡി)